# പതിമൂന്നാം കേരള നിയമ സഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2407 08.12. .2015-ൽ മറുപടിക്ക്.

### അക്ഷയ കേന്ദ്രങ്ങളിലെ സേവനങ്ങൾ

**ചോദ്യം** **മറുപടി**

ശ്രീ.കെ.വി.വിജയദാസ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
( വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അക്ഷയ കേന്ദ്രങ്ങൾ സേവനങ്ങൾക്ക് ഉയർന്ന ഫീസുകൾ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടുതൽ പരാതിയും സേവന നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത സേവനങ്ങളെ സംബന്ധിച്ചവയാണ്. എ ന്നാൽ ചുരുക്കം ചില അക്ഷയ കേന്ദ്രങ്ങൾ സേവനനിരക്ക് നിശ്ചയിച്ചിട്ടുള്ളവയ്ക്കും അമിത ചാർജ്ജ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം അക്ഷയ കേന്ദ്രങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ട്. |
| (ബി) | അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിക്കു ന്നതിന്റെ മാനദണ്ഡങ്ങൾ എന്താണ്; ഇത് സംബന്ധിച്ച് പ്രദേശങ്ങളിലെ ജനപ്രതിനിധികളുടെ അഭിപ്രായം തേടാറുണ്ടോ; വിശദവിവരം ലഭ്യ മാക്കുമോ? | (ബി) | അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന പ്രമേയത്തിന്റെ അടിസ്ഥാനത്തി ലാണ് . നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 4 ഉം മുൻസിപ്പാലിറ്റിയുടെ പരിധിയിൽ 6 ഉം അക്ഷയകേന്ദ്രങ്ങൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.കോർപ്പറേഷൻ പരിധിയിൽ കുടുംബങ്ങളുടെ എണ്ണത്തിന് ആനുപാതികമായും, കോർപ്പറേഷന്റെ പ്രമേയവും അനുസരിച്ചാണ് അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് അനുമതി നൽകുന്നത്. 2 അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ 2 കി.മി. ദൂരപരിധി നിഷ്കർഷിച്ചിട്ടുണ്ട്. ഒരുത്രിതല തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെയാണ് (ആപ്ലിക്കേഷൻ സ്ക്രീനിംഗ്, എഴുത്ത് പരീക്ഷ, ഇന്റർവ്യൂ) അക്ഷയസംരംഭകരെ തിരഞ്ഞെടുക്കുന്നത്. പ്ലസ് ടു വോ തത്തുല്യ യോഗ്യതയുള്ള 18 വയസു പൂർത്തി യാക്കിയ ആർക്കു വേണമെങ്കിലും ഇതിനായി അപേക്ഷിക്കാവുന്നതാണ്. അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിനായി കുറഞ്ഞത് 300 സ്വകയർ |

| | | | |
|---|---|---|---|
| | | | ഫീറ്റ് ചുറ്റളവുള്ള ഒരു മുറിയും, 3 കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും, ഇന്റർനെറ്റ് കണക്ഷനും തിരഞ്ഞെടുക്കപ്പെട്ട സംരംഭകന് ഉണ്ടായിരിക്കേണ്ടതാണ്. ഒരു അക്ഷയകേന്ദ്രം റദ്ദുചെയ്യുന്നതും ലൊക്കേഷൻ മാറ്റുന്നതും അതാത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ തീരുമാനത്തിന്റെ വെളിച്ചത്തിലാണ്. സംരംഭക തിരഞ്ഞെടുപ്പിന്റെ ,ഇന്റർവ്യൂ ബോർഡിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ അംഗ ങ്ങളാണ്. |

**സെക്ഷൻ ഓഫീസർ**